

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

### ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

# ബാലസൗഹൃദ തദ്ദേശഭരണം

### ചൈൽഡ് റിസോഴ്സ് സെന്റർ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ, തുടങ്ങിയവരുടെ പരിശീലനത്തിനും, ഗവേഷണ പ്രവർത്തനങ്ങൾക്കുമായി കേരളസർക്കാർ 1990ൽ ആരംഭിച്ച പരിശീലന കേന്ദ്രമാണ് കില. പല അന്താരാഷ്ട്ര ഏജൻസികളുടേയും, സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളുടേയും, ഇന്ത്യയിലെ പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റേയും വികേന്ദ്രീകൃതാസൂത്രണ പഠനങ്ങൾക്ക് കില വേദിയാണ്. വിഷയാധിഷ്ഠിതമായ പരിശീലനങ്ങൾ, ഗവേഷണങ്ങൾ, നയരൂപീകരണ പ്രവർത്തനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, വിജ്ഞാനവികസന പ്രവർത്തനങ്ങൾ, ബാലസൗഹൃദ തദ്ദേശഭരണ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ തുടങ്ങിയവ കില നടത്തിവരുന്നു.

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കപ്പെടുന്നതിന് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നപോലെ സന്നദ്ധപ്രവർത്തകരേയും, കോളേജ് വിദ്യാർത്ഥികളേയും ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ബാലസൗഹൃദ തദ്ദേശഭരണത്തിൽ മൂന്ന് മാസ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് കില ആരംഭിക്കുന്നത്. ഈ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് പഠിതാക്കൾക്ക് കുട്ടികളുടെ അവകാശങ്ങൾ ആസൂത്രണ ഇടപെടൽ വഴി ഉറപ്പാക്കാൻ ഉതകുന്ന വൈദഗ്ദ്യം ഒരുക്കും. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർ സർക്കാരോ മറ്റ് സംഘടനകളോ നടത്തുന്ന പരിശീലന, ഗവേഷണ, വിദൂര വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനുള്ള നൈപുണ്യം ആർജ്ജിക്കും.

# ബാലസൗഹൃദ തദ്ദേശഭരണം – ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്



## ഉദ്ദേശലക്ഷ്യങ്ങൾ

√ ബാലസൗഹൃദ തദ്ദേശഭരണത്തിന്റെ വിവിധ കാഴ്ചപാടുകൾ മനസ്സിലാക്കുക
√ ബാലാവകാശങ്ങൾ പ്രാദേശികഭരണ പ്രക്രിയയിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള ആഭിമുഖ്യം സൃഷ്ടിക്കുക
√ കുട്ടികളുടെ വികസനത്തിൽ സംസ്ഥാന, ദേശീയ, അന്തർദേശീയ സംവിധാനങ്ങളും ഉപാധികളും സംബന്ധിച്ച ധാരണകൾ സൃഷ്ടിക്കുക
√ ബാലകേന്ദ്രീകൃത പങ്കാളിത്താസൂത്രണം

## കോഴ്സ് ഘടന

√പഠന കാലാവധി 3 മാസം (12 ആഴ്ച)
√ആഴ്ചയിൽ 4 മണിക്കൂർ ( 48 മണിക്കൂർ)

## ബോധനരീതി

√ വിദൂരപഠന മാതൃകയിലുള്ള സമ്മിശ്ര പഠനരീതി (Blended Learning Method)
√ സ്വയംപഠന രീതികൾ
√ ഓൺലൈൻ ക്ലാസ്സുകൾ
√ നിർദ്ദേശപ്രകാരമുള്ള വായന
√ വർക്ക് ഷീറ്റ്
√ അനുകരണീയ മാതൃകകൾ
√ ഭാഷ – മലയാളം

## പഠനവിഷയങ്ങൾ

√ പ്രാദേശികഭരണ സംവിധാനവും കുട്ടികളും
√ കുട്ടികളുടെ അവകാശങ്ങൾ
√ ബാലസൗഹൃദ തദ്ദേശഭരണ കാഴ്ചപ്പാടുകൾ
√ കുട്ടികളുടെ അവസ്ഥാ പഠനം
√ സുസ്ഥിരവികസന ലക്ഷ്യങ്ങളും കുട്ടികളും
√ ബാലസൗഹൃദ തദ്ദേശഭരണം

## വിലയിരുത്തൽ

√ നിരന്തര കോഴ്സ് വിലയിരുത്തൽ
√ നിർബന്ധിത ഓൺലൈൻ ഒബ്ജക്ടീവ് ടെസ്റ്റ് (ഓരോ സെഷനിലും)
√ ടെസ്റ്റ് ക്യുമുലേറ്റീവ് മാർക്ക് കോഴ്സ് മാർക്കായി കണക്കാക്കും
√ ഓരോ വിലയിരുത്തൽ ഘട്ടവും പൂർത്തിയാക്കി വിജയിച്ചവർക്ക് കിലയുടെ സർട്ടിഫിക്കറ്റ് നൽകും

## പ്രവേശന മാനദണ്ഡം

തദ്ദേശഭരണസ്ഥാപന ജനപ്രതിനിധികൾ, ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, കോളേജ് വിദ്യാർത്ഥികൾ, സന്നദ്ധ പ്രവർത്തകർ.

അപേക്ഷിക്കുവാൻ താൽപര്യമുള്ളവർ കിലയുടെ വെബ്സൈറ്റിൽ ലഭ്യമായ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം പൂരിപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതി 25 ആഗസ്റ്റ് 2020. വിശദവിവരങ്ങൾക്ക് www.kila.ac.in സന്ദർശിക്കുക.


കോഴ്സ് ഡയറക്ടർ
**ഡോ. പീറ്റർ എം രാജ്**
അസോസ്സിയേറ്റ് പ്രൊഫസർ
കില

കൂടുതൽ വിവരങ്ങൾക്ക്
**ഭാസ്ക്കരൻ പള്ളിക്കര**
കോഴ്സ് കോർഡിനേറ്റർ
ഫോൺ - 9387289693